പരിഹാര ഫോറത്തിനുവേണ്ടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. (അടങ്കൽ തുക-30 ലക്ഷം രൂപ) ദേശീയപാതാവിഭാഗത്തിൽ കിമീ. 5/00 മുതൽ 15/00 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (332.72 ലക്ഷം രൂപ) കിമീ. 15/00 മുതൽ 25/00 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (522.71 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മരാമത്തുപണികൾ

206 (656) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുവാനും അറ്റകുറ്റപ്പണികൾക്കുമായി എത്ര രൂപ ചെലവഴിച്ചു ;

(ബി) ഉള്ളൂർ കടവിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പാലം നിർമ്മാണം ഏത് ഘട്ടത്തിലാണ് ; പാലം ടെണ്ടർ ചെയ്യുവാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിച്ച തുകയുടെ വിവരം താഴെക്കൊടുത്തിരിക്കുന്നു :

നിരത്തുകളും പാലങ്ങളും വിഭാഗം	569.83 ലക്ഷം
ദേശീയപാതാവിഭാഗം (അറ്റകുറ്റപ്പണികൾ കേന്ദ്ര ഫണ്ട്)	259.00 "
കെ.എസ്.ടി.പി. (കൊയിലാണ്ടി-താമരശ്ശേരി റോഡ് റീ-സർഫസിംഗ് പ്രവൃത്തി)	519.00 "
ആകെ	1347.83 ലക്ഷം

(ബി) ഉള്ളൂർ കടവിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പാലത്തിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുവാനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നു. സ്ഥലം ലഭ്യമാകുകയും ഡിസൈൻ പൂർത്തിയാക്കുകയും ചെയ്യുന്ന മുറയ്ക്ക് മാത്രമേ പണി ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly